**നമ്പർ. 11803/പാർല/2019/നിയമം** **നിയമ (പാർല) വകുപ്പ്**

# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 2618** **17.06.2019 - ൽ മറുപടിക്ക്**

**നിയമവകുപ്പിലെ നിയമനങ്ങൾ**

**ചോദ്യം** **മറുപടി**

ശ്രീ.കെ.എൻ.എ ഖാദർ

**ശ്രീ. എ. കെ. ബാലൻ**
**(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായ-ക്ഷേമവും നിയമവും സാംസ്ക്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)**

| | | |
|---|---|---|
| എ)<br>&<br><br>ബി) | നിയമവകുപ്പിലെ നിയമനങ്ങളിൽ അട്ടിമറി നടന്നതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>നിയമനങ്ങളിലെ ക്രമക്കേടുകൾ സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ: | നിയമവകുപ്പിലെ ലീഗൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികകളിലെ നിയമനങ്ങളിൽ ക്രമക്കേട് ആരോപിച്ചുകൊണ്ട് പ്രസ്തുത റാങ്ക് ലിസ്റ്റുകളിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികളിൽ ചിലർ പരാതികൾ നൽകിയിട്ടുണ്ട്. ലീഗൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിലേക്ക് മൂന്ന തരത്തിലുള്ള നിയമന രീതിയാണ് ചട്ടപ്രകാരമുള്ളത്. അവ 50% പി.എസ്.സി. വഴി നേരിട്ടുള്ള നിയമനം, 30% പി.എസ്.സി വഴി സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവീസിൽ നിന്നുള്ള ബൈട്രാൻസ്ഫർ നിയമനവും ബാക്കി 20% പി.എസ്.സി വഴി മറ്റ് സബോർഡിനേറ്റ് സർവീസുകളിൽ നിന്നുള്ള ബൈട്രാൻസ്ഫർ നിയമനം എന്നതാണ്. ആയതിൽ വിവിധ നിയമനരീതിയിലുള്ളവർ തമ്മിലുള്ള അനുപാതത്തിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ട് എന്നും റിട്ടയർമെന്റ് ഒഴിവുകൾക്ക് |

| | | |
|---|---|---|
| | | ആനുപാതികമായി നിയമനം നടത്തുന്നില്ല എന്നുള്ളതുമാണ് പ്രസ്തുത പരാതികളുടെ ഉള്ളടക്കം. |
| സി) | ഈ വിഷയത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ നടപടികളാണ് ഇതുവരെ സ്വീകരിച്ചതെന്ന് വെളിപ്പെടുത്തുമോ? | ഇത് സംബന്ധിച്ച് ലഭിച്ച പരാതികൾ പരിശോധിച്ചതിൽ അന്യത്ര സേവന വ്യവസ്ഥയിൽ ജോലി ചെയ്തിരുന്നവരും ജുഡീഷ്യൽ സർവ്വീസിൽ താത്ക്കാലിക നിയമനം ലഭിച്ചിരുന്നവർ തിരികെ വന്നതു കാരണവും ചില അന്യത്രസേവന തസ്തികകൾ നഷ്ടപ്പെട്ടതു വഴിയും റിട്ടയർമെന്റ് ഒഴിവുകൾക്ക് ആനുപാതികമായ നിയമനം നടത്തുവാൻ കഴിഞ്ഞിട്ടില്ല എന്ന് ബോദ്ധ്യപ്പെട്ടു. വ്യത്യസ്ത നിയമന രീതിയിലൂടെ നടത്തുന്ന നിയമനങ്ങളിൽ പാലിക്കേണ്ട അനുപാതം പാലിച്ചില്ലായെന്ന പരാതികൾ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിൻ കീഴിലുള്ള അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് പരിശോധിച്ചു വരുന്നു. |

ഉത്തരവിൻ പ്രകാരം

(ഒപ്പ്)

സെക്ഷൻ ഓഫീസർ